LIBRARY ARCHIVES Kerala Legislative Assembly

ഭാരതപ്പുഴയിലും കുന്തിപ്പുഴയിലും ചെക്ക് ഡാമുകൾ നിർമ്മിക്കുവാൻ നടപടി

56 (3265) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഭാരതപ്പുഴയിലെ മുണ്ടായ, ഓങ്ങല്ലൂർ, ചങ്ങണാം കുന്ന്, പട്ടാമ്പി എന്നിവിടങ്ങളിലും കുന്തിപ്പുഴയിൽ വിളയൂർ, പാറക്കടവ്, നാട്യമംഗലം തോണിക്കടവ്, മപ്പാട്ടുകര എന്നിവിടങ്ങളിലും ചെക്കുഡാമുകൾ നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

ഭാരതപ്പുഴയിൽ ഓങ്ങല്ലൂർ ചങ്ങണാംകുന്ന്, പട്ടാമ്പി എന്നിവിടങ്ങളിലും കുന്തിപ്പുഴയിൽ വിളയൂർ പാറക്കടവ്, നാട്യമംഗലം-തോണിക്കടവ്, മപ്പാട്ടുക്കര എന്നിവിടങ്ങളിലും നബാർഡിന്റെ ആർ.ഐ.ഡി.എഫ്. X-ൽ ഉൾപ്പെടുത്തി ചെക്ക് ഡാമുകൾ പണിയുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്.

നോർത്ത് വയനാട് നിയോജകമണ്ഡലത്തിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ

57 (3266) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ. കെ. മോഹൻകുമാർ :
ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നോർത്ത് വയനാട് നിയോജക മണ്ഡലത്തിൽ 1989 മുതൽ പണി ആരംഭിച്ച എത്ര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പണി പൂർത്തിയാകാനുണ്ടെന്നും അവ ഏതെല്ലാമാണെന്നും അറിയിക്കാമോ ;

(ബി) ഇവയുടെ പണി പൂർത്തിയാക്കാത്തതിന്റെ കാരണങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ഈ സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയിൽപ്പെടുത്തി ഇവയുടെ പണി പൂർത്തീകരിക്കുമെന്ന് ഉറപ്പു നൽകിയിരുന്നുവോ ; എങ്കിൽ ഇവയുടെ പണി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; അടുത്ത ധനകാര്യ വർഷത്തിൽത്തന്നെ ഇവയുടെ പണി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കൂടൽ, കൊയിലേരി, മലങ്കര, കക്കടവ്, പായോട് നോർത്ത്, പായോട്, സൗത്ത് എന്നീ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളാണ് വയനാട് ജില്ലയിൽ മൈനർ ഇറിഗേഷൻ ഡിവിഷന്റെ കീഴിൽ പൂർത്തിയാക്കാനുള്ളത്.

(ബി) ടി പദ്ധതികളുടെ ഇലക്ട്രിക്കൽവർക്കും മെക്കാനിക്കൽ വർക്കും പൂർത്തിയാകാത്തതും ഇലക്ട്രിക്കൽ കണക്ഷൻ കിട്ടാത്തതുമാണ് കാരണം.

(സി) ഉറപ്പ് നൽകിയിട്ടില്ല. എന്നാൽ അടുത്ത ധനകാര്യവർഷത്തിനുള്ളിൽ പണി പൂർത്തിയാക്കുവാൻ ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.